എന്താണ് ഇവിടെ സംഭവിച്ചിരിക്കുന്നത് ? ഒന്നര ദശാബ്ദങ്ങൾക്കപ്പുറത്തുള്ള റിപ്പോർട്ടാണ് ഇപ്പോൾ സമർപ്പിച്ചുകൊണ്ടിരിക്കുന്നത്. ഈ കാര്യം പലപ്പോഴും ഉന്നയിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പേപ്പേഴ്സ് ലെയ്ഡ് ഓൺ ദി ടേബിൾ ഓഫ് ദി ഹൗസ് എന്ന ഒരു കമ്മിററി ഇവിടെ ഉണ്ടാക്കിയിട്ടുണ്ട്. എനിക്ക് അങ്ങയോട് ഇക്കാര്യത്തിൽ സ്പെസിഫിക്കായിട്ട് ഒരു സജക്ഷൻ വെയ്ക്കാനുള്ളത് ഈ പ്രത്യേക റിപ്പോർട്ടിൽ ഞാൻ ചൂണ്ടിക്കാണിക്കുന്ന ഇത്ര വലിയ ഡിലേ വന്നിട്ടുള്ള കാര്യങ്ങളെ കുറിച്ച് pepers laid on the table കമ്മിററി പ്രത്യേകമായി പരിശോധിച്ച്, അതിന് ഉത്തരവാദികളായിട്ടുള്ള ഉദ്യോഗസ്ഥൻമാർ ആരാണ് എന്ന് കണ്ടുപിടിച്ച് അവർക്കെതിരെ ആവശ്യമായ നടപടികൾ എടുക്കണം എന്ന് അങ്ങ് ഈ കമ്മിററിയോട് ഡയറക്ട് ചെയ്യണം എന്നാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഈ സഭ സഭയായിട്ട് കൂടണം. ഈ സഭ വിളിച്ച് കൂട്ടിയത് ആകെ ഒരൊററ കാര്യത്തിന് വേണ്ടിയാണ്. അതായത് റിസർവേഷൻ ബില്ലിന് ഉള്ള ഒരു ചർച്ചയ്ക്ക് വേണ്ടിയാണ്. Papers laid on the Table is a Government business. ആ ഗവൺമെൻറ് ബിസിനസ് എങ്ങനെ വന്നു അങ്ങനെയാണെങ്കിൽ ചോദ്യോത്തരസമയം എന്തിന് അങ്ങ് ഡിസ്പെൻസ് ചെയ്തു പേപ്പേഴ്സ് ലെയ്ഡ് ഇതിനകത്ത് എങ്ങനെ വന്നു. തോന്നുമ്പോൾ ഓരോന്നും ചെയ്യുന്ന നടപടി നമ്മുടെ സഭയുടെ അന്തസ്സിന് ചേർന്നതല്ല. ഇത് മര്യാദകെട്ട പ്രവർത്തിയാണ്.

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട ചന്ദ്രപ്പൻ പറഞ്ഞത് താമസിച്ചുപോയി എന്നാണ്. ബഹുമാനപ്പെട്ട വർക്കല പറഞ്ഞത് ഇന്ന് ഇവിടെ വയ്ക്കാൻ പാടില്ല എന്നാണ്. എന്താണ് സാർ ഇത് ?

ശ്രീ. എ.സി. ഷൺമുഖദാസ് : സംസ്ഥാനത്തിന്റെ വക്താവാണ്. ഒരുനേതാവും കേരളം കാണുന്ന ദുർവ്യാഖ്യാനത്തിലെ വക്താവും അതിന്റെ പ്രതിരൂപവും ആകരുത്.

റൂളിംഗ്

മി. സ്പീക്കർ: ശ്രീ. വർക്കല രാധാകൃഷ്ണൻ ഇന്നലെ ഇല്ലാതിരിക്കുന്നതുകൊണ്ട് അങ്ങയുടെ അസാന്നിദ്ധ്യം വളരെ പ്രകടമായിരുന്നു. ഇന്നു ള്ളതുകൊണ്ട് വളരെ സംപുഷ്ടമായി. ഏതായാലും ഇക്കാര്യത്തിൽ ശ്രീ. ചന്ദ്രപ്പൻ ഉന്നയിച്ച വാദത്തെ സംബന്ധിച്ചിടത്തോളം അതു വളരെ റെലവൻറായിട്ടുള്ള കാര്യമാണ്. ഇത് പല പ്രാവശ്യം ചെയർ പറഞ്ഞിട്ടുള്ളതാണ്. പേപ്പേഴ്സ് ലെയിഡ് ഓൺ ദി ടേബിളിനെ സംബന്ധിച്ച് അത് കൈകാര്യം ചെയ്യാനായി പ്രത്യേകം ഒരു കമ്മിററിയുള്ളതുകൊണ്ട് ഇക്കാര്യം ആ കമ്മിററിയുടെ പരിഗണനയ്ക്ക് വിടാം. എന്തുകൊണ്ടാണ് കാലതാമസം വന്നത് എന്ന് എക്സ്പ്ലെയിൻ ചെയ്യാൻവേണ്ടി അവർ ഇതു നോക്കിയിട്ട് എന്തെങ്കിലും ഡിലേയുണ്ടെങ്കിൽ അതിന്റെ റിപ്പോർട്ട് വരട്ടെ. പിന്നെ മേൽ നടപടികളെക്കുറിച്ച് ആലോചിക്കാം. ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞ കാര്യം, നടപടി ക്രമങ്ങൾ പലതും നമ്മൾ നിർത്തി വച്ചതു ശരിയാണ്. പക്ഷേ നിയമസഭ കൂടുമ്പോൾ പേപ്പേഴ്സ് അപ്പോൾ ലേ ചെയ്തില്ലെങ്കിൽ ഫസ്ററ് ഓപ്പർച്ച്യൂണിററിയിൽ ലേ ചെയ്തില്ലെങ്കിൽ ആ ഡിലേയ്ക്കു കാരണം നമ്മുടെ ഭാഗത്താകാമെന്നുള്ളതുകൊണ്ട് ചെയർ അതിന് അനുവദിക്കാത്തതുകൊണ്ടാണെന്ന് വരാതിരിക്കാൻവേണ്ടി മാത്രം ഇന്ന് അനുവദിച്ചതാണ്.

LIBRARY ARCHIVES Kerala Legislative Assembly